പതിനാലാം കേരള നിയമസഭ .
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.275 28.01.2019 ൽ മറുപടിക്ക്

**തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ വാഹന പാർക്കിംഗ് ഫീസ്**

| ചോദ്യം<br>ശ്രീ.ഡി.കെ. മുരളി | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ വാഹന പാർക്കിംഗ് ഫീസ് പിരിക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; വിശദവിവരങ്ങൾ നൽകാമോ; | (എ) | തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ വാഹന പാർക്കിംഗ് ഫീസ് പിരിക്കുന്നതിനായി ആർക്കും കരാർ നൽകിയിട്ടില്ല. ആശുപത്രി വികസന സമിതി മുഖേന നിയമിച്ചിട്ടുള്ള താത്കാലിക ജീവനക്കാർ ഫീസ് ശേഖരിക്കുകയും പ്രസ്തുത തുക ആശുപത്രി വികസന സമിതി അക്കൗണ്ടിൽ നിക്ഷേപിച്ചു വരുകയും ചെയ്യുന്നു. |
| (ബി) | പ്രസ്തുത ആശുപത്രിയ്ക്കുള്ളിലേക്ക് പോകുന്ന വാഹനങ്ങളെ രണ്ടാം ഗേറ്റിനുമുന്നിൽ തടഞ്ഞു നിർത്തി പാർക്കിംഗ് ഫീ പിരിക്കുന്നതുമൂലം രോഗികൾക്കും അനുഗമിക്കുന്നവർക്കും ബുദ്ധിമുട്ട് ഉണ്ടാകുന്നതും ഗതാഗത തടസ്സം ഉണ്ടാകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി)<br>&<br>(സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ നൽകാമോ? | | |

സെക്ഷൻ ഓഫീസർ